# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 16-11-2013

# കെ എസ് ടി എ സമരസന്ദേശ ജാഥയ്ക്ക് ഉജ്ജ്വല വരവേൽപ്

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസം തകർക്കുന്ന നയങ്ങൾക്കെതിരെ നവംബർ 23 ന് കെ എസ് ടി എ നടത്തുന്ന സെക്രട്ടേറിയേറ്റ് മാർച്ചിന്റെ മുന്നോടിയായുള്ള സമരസന്ദേശ ജാഥയ്ക്ക് ജില്ലകളിലെ സ്വീകരണ കേന്ദ്രങ്ങളിൽ ഉജ്ജ്വല വരവേൽപ്. ജനറൽ സെക്രട്ടറി എം ഷാജഹാൻ നയിക്കുന്ന തെക്കൻമേഖലാ ജാഥയുടെ രണ്ടാം ദിവസത്തെ പര്യടനം രാവിലെ കൊല്ലം ജില്ലയിലെ ചടയമംഗലത്തു നിന്നും ആരംഭിച്ച് വൈകിട്ട് കൊട്ടാരക്കരയിൽ സമാപിച്ചു. ചാത്തന്നൂർ, കണ്ടറ, കൊല്ലം, ശങ്കരമംഗലം, ശാസ്താംകോട്ട എന്നീ സ്വീകരണകേന്ദ്രങ്ങളിൽ ജാഥാക്യാപ്റ്റന് പുറമെ വൈസ് ക്യാപ്റ്റനായ ഏ കെ ഉണ്ണികൃഷ്ണൻ, മാനേജർ ടി തിലകരാ ജ്, ഡി വിമല, ടി എസ് എൻ ഇളയത്, കെ ബദറുന്നീസ തുടങ്ങിയവർ സംസാരിച്ചു. സ്വീകരണ ത്തോടനുബന്ധിച്ച് നടന്ന വിദ്യാഭ്യാസ സെമിനാറുകളിൽ ഐഷാപോറ്റി എം എൽ എ, കെ വരദരാജൻ, ബി മുരളീധരൻ, അഡ്വ. എ എ റഹീം, പി സുരേഷ്കുമാർ, പ്രൊഫ. എൻ ഉണ്ണിക ഡഷ്ണൻ, പി സോമനാഥൻ, കെ ശശീന്ദ്രൻ, സേതുമാധവൻ, സി കെ ഗോപൻ, ടി വാസുദേ വൻനായർ തുടങ്ങിയവർ സംസാരിച്ചു.

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ നിന്നും രണ്ടാം ദിവസത്തെ പര്യാടനം ആരംഭിച്ച വടക്കൻ മേഖലാജാഥ തളിപ്പറമ്പ്, ധർമ്മശാല, കണ്ണൂർ, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, തുട ങ്ങിയ സ്ഥലങ്ങളിലെ സ്വീകരണത്തിന് ശേഷം ഇരിട്ടിയിൽ സമാപിച്ചു. ജാഥാ ക്യാപ്റ്റനായ കെ എൻ സുകുമാരന് പുറമെ പി ഡി ശ്രീദേവി, പി പരമേശ്വരൻ, കെ സി ഹരികൃഷ്ണൻ, പി കെ സതീശ് തുടങ്ങിയവർ വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ സംസാരിച്ചു. വിദ്യാഭ്യാസ സെമി നാറുകളിൽ വിവിധ സംഘടനാ നേതാക്കളായ എം സുകന്യ, പ്രമോദ് വെള്ളച്ചാൽ, എം ചന്ദ്രൻ, ടി പി ഹരീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ജാഥയോടൊപ്പം കെ എസ് ടി എ കലാവേദിയുടെ നേതൃത്വത്തിലുള്ള കലാജാഥായും പര്യടനം നടത്തുന്നുണ്ട്. ചൊവ്വാഴ്ച തെക്കൻമേഖലാ ജാഥ ആലപ്പുഴ ജില്ലയിലും വടക്കൻമേ ഖലാ ജാഥ കോഴിക്കോട് ജില്ലയിലും പര്യടനം നടത്തും.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി